Mathrubhumi 09-11-18, P-2

# വർക്കിയുടെ വീട്ടിൽ ഓർക്കിഡാണ് താരം



കെ.എസ്. ശശിധരൻ

**മണലൂർ ചാലിശ്ശേരി വീട് ഓർക്കിഡുകളാൽ സമ്പന്നം. ഇവിടേയ്ക്കാണ് സംസ്ഥാന സർക്കാരിന്റെ ഉദ്യാനശ്രേഷ്ഠ അവാർഡ് സി.ജെ. വർക്കിയെ തേടിയെത്തിയത്. ഓർക്കിഡ് ചെടികളിലെ മികവാണ് വർക്കിയെ താരമാക്കിയതും**



വർക്കിയും ഭാര്യ ആൻസിയും പൂന്തോട്ടത്തിൽ

പള്ളിയിലേയ്ക്ക് പൂവ് നൽകുന്ന കുടുംബമായിരുന്നു വർക്കിയുടേത്. ഡാലിയയാണ് അൾത്താര അലങ്കാരത്തിന് അന്ന് നൽകിയിരുന്നത്. രണ്ടോ മൂന്നോ ദിവസം കഴിഞ്ഞാൽ ഇവ വാടിക്കൊഴിഞ്ഞു പോകും. 16 വർഷം മുമ്പാണ് ആന്തൂറിയം മാർക്കറ്റിൽ വന്നു തുടങ്ങിയത്. കാത്തലിക് സിറിയൻ ബാങ്കിൻെറ അസി.മാനേജരായിരിക്കെ വർക്കി ആന്തൂറിയത്തിൽ നിന്നാണ് പൂകൃഷി തുടങ്ങിയത്.

സർക്കാരിൻെറ ധനസഹായം കൂടികിട്ടുമെന്നായതോടെ കൃഷി വ്യാപിപ്പിക്കുകയായിരുന്നു. ആന്തൂറിയം ചെടി സംഘടിപ്പിച്ച് ജോലിസ്ഥലത്തെ വീട്ടിൽ വളർത്തി. പിന്നീട് മണലൂരിലേയ്ക്ക് കൊണ്ടുവന്നു. വാഴയിനത്തിൽപ്പെട്ട ഹെലികോണിയ രണ്ടേക്കർ സ്ഥലത്ത് കൃഷിചെയ്തു. പിന്നീട് ഓർക്കിഡിലേയ്ക്ക് ശ്രദ്ധതിരിച്ചു. ഇന്ന് നാലായിരം ചതുരശ്രയടി സ്ഥലത്താണ് വർക്കിയുടെ ഓർക്കിഡ് കൃഷി.

പുഷ്പകൃഷിയോട് താത്പര്യമുള്ള ഭാര്യ ആൻസികൂടി രംഗത്തിറങ്ങിയതോടെ കൃഷി കാര്യമായെടുത്തു. ഇന്ന് നാല് ജൈവമറയ്ക്കുള്ളിൽ നിരവധി തരം ഓർക്കിഡുകളും ഇലച്ചെടികളും നിറഞ്ഞുനിൽക്കുന്നു. വാൻഡാസും വെള്ളം തൊട്ടാൽ അയിത്തം കല്പിക്കുന്ന ആഫ്രിക്കൻ വയലക്സും വർക്കിയുടെ തോട്ടത്തിലുണ്ട്.

കേരള കാലാവസ്ഥയ്ക്ക് യോജിച്ച ഇനമാണ് വാൻഡാസ്. നല്ല വലുപ്പവും അപൂർവ്വ നിറത്തിലുള്ള പൂക്കളുമാണ് ഇവയ്ക്ക് വേറിട്ട ഭംഗി നൽകുന്നത്.

14 തരം വാൻഡാസ് വർക്കിയുടെ കൈയിലുണ്ട്. മാത്രമല്ല പുതിയ തലമുറയിലെ ഓർക്കിഡുകളും വർക്കിയുടെയും ആൻസിയുടെയും ശേഖരത്തിലുണ്ട്. മൂവ്വായിരം രൂപ മുതൽ മേൽപ്പോട്ടാണ് വില. ആഫ്രിക്കൻ വയലക്സാണ് വെള്ളമൊഴിച്ചാൽ പിണങ്ങുന്ന താരം. ഇലയിൽ വെള്ളംതൊട്ടാൽ ചെടിയുടെ ഇല ഓട്ടയാകും പിന്നെ ഉണങ്ങും. വെള്ളം മാറ്റി ഒഴിക്കുകയാണ് ചെയ്യുന്നത്. ജൈവ കൃഷിരീതിയാണ് വർക്കി തുടരുന്നത്.

ഗോമൂത്രം ഉപയോഗിച്ച് ജീവാമൃതം തയ്യാറാക്കി ചെടികൾക്ക് തളിക്കുന്നു. അതേസമയം രാസവളം ചെയ്യേണ്ട ചെടികളും വർക്കിയുടെ വീട്ടിലുണ്ട്.

ഫെയ്സ് ബുക്ക്, വാട്സാപ്പ് വഴിയാണ് പ്രധാനമായും വിപണനം. ഓഡിറ്റോറിയങ്ങളിൽ സ്റ്റേജ് ഒരുക്കുന്നവർക്കും അലങ്കാരത്തിനുമായി വിപണനം നടത്തുന്നു. ഗ്ലാസ് ബൗളുകളിൽ ചെടി ഒരുക്കി വിൽപ്പനയുമുണ്ട്.



